## 2009 നവംബർ 29

# പരിശുദ്ധ ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

## ലൂക്കോ 1:39-56

**ഫാ. മാത്യു പി. ഫ്രാൻസിസ്**

ദൈവവചനത്തിന് സമർപ്പിച്ച മറിയം ദൈവത്തിന്റെ, ദൈവവചനത്തിന്റെ, ദൈവജനത്തിന്റെ ശുശ്രൂഷക ആയിത്തീർന്നു. ഇന്നത്തെ സുവിശേഷത്തിൽ വചനജീവിതത്തിൽ ആയിരിക്കുന്നവർ സ്വീകരിക്കേണ്ട മനോനിലപാട് എന്തായിരിക്കണമെന്ന് മറിയത്തിന്റെ ജീവിതത്തിലൂടെ വ്യക്തമാക്കുന്നു. ആത്മനിറവുള്ളവർ തങ്ങളിൽതന്നെ ഒതുങ്ങിക്കൂടാതെ പങ്കുവയ്ക്കലിന്റെ മനോഭാവത്തിലേക്ക് കടന്നുവരുന്നു. എല്ലാം ദൈവം നല്കിയതാണെന്ന തിരിച്ചറിവുണ്ടാകുമ്പോൾ ദാനമായി മറ്റുള്ളവർക്ക് കൊടുക്കുവാനും സന്മനസ്സുണ്ടാകുന്നു.

യേശുവിനെ ഉദരത്തിൽ വഹിച്ച മറിയം തിടുക്കത്തിൽ മലമ്പ്രദേശത്ത് താമസിക്കുന്ന ചാർച്ചക്കാരി എലിസബത്തിനെ കാണുവാൻ പോകുന്നു. യാത്രചെയ്യാൻ ബുദ്ധിമുട്ടുള്ള മാസങ്ങളാണ് ഗർഭധാരണത്തിന്റെ ആദ്യകാലങ്ങൾ. എന്നാൽ ശാരീരിക ബുദ്ധിമുട്ടുകൾ തന്റെ ഉള്ളിൽ പരിശുദ്ധാത്മ ആനന്ദം നിറഞ്ഞപ്പോൾ അവൾ മറന്നുപോയിരുന്നു. ആത്മനിറവുള്ള മറിയം എലിസബത്തിനെ അഭിവാദനം ചെയ്തമാത്രയിൽ എലിസബത്ത് പരിശുദ്ധാത്മ നിറവുള്ളവളായി. യഥാർത്ഥത്തിൽ മറിയവും എലിസബത്തും കണ്ടുമുട്ടുമ്പോൾ മിശിഹായും തന്റെ മുന്നോടി യോഹന്നാനും കണ്ടുമുട്ടുന്നു. അവരെല്ലാവരും പരിശുദ്ധാത്മാവിന്റെ സന്തോഷത്തിൽ നിറയുന്നു. മിശിഹായോട് ബന്ധപ്പെടുന്നവരെല്ലാം ആനന്ദത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരുന്നു. ഗർഭസ്ഥ ശിശുപോലും സന്തോഷംകൊണ്ട് കുതിച്ചുചാടി. ഇതാ രക്ഷ സംജാതമായി എന്ന വലിയ വാർത്തയുടെ തിരിച്ചറിവിലുള്ള സന്തോഷത്തിന്റെ യഥാർത്ഥ ആനന്ദം പരിശുദ്ധാത്മാവിന്റെ ദാനമാണ്.

പരിശുദ്ധാത്മാവിന്റെ ദാനമുള്ളവർക്ക് സ്വന്തം നന്മയും മറ്റുള്ളവരുടെ നന്മയും കണ്ടെത്തുവാനും തിരിച്ചറിയുവാനും പ്രോത്സാഹിപ്പിക്കുവാനും സന്തോഷിക്കുവാനും കഴിയുന്നു. മറിയത്തിന്റെ ഉള്ളിലെ ക്രിസ്തു സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ എലിസബത്ത് അവളെ പ്രകീർത്തിച്ചു, നീ സ്ത്രീകളിൽ അനുഗ്രഹീത, നിന്റെ ഉദരഫലവും അനുഗ്രഹീതം, കർത്താവിന്റെ അമ്മ എന്റെ അടുത്തുവരുവാനുള്ള ഭാഗ്യമുണ്ടായല്ലോ എന്നൊക്കെ. ഉള്ളിലെ പരിശുദ്ധാത്മ സാന്നിദ്ധ്യം നഷ്ടമാകുമ്പോൾ തൊട്ടടുത്ത് നില്ക്കുന്ന ഒരാളെപ്പോലും നാം തിരിച്ചറിയുന്നില്ല. അന്ത്യവിധിയുടെ മാനദണ്ഡവും ഇതായിരിക്കും, എളിയവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുവാൻ കഴിഞ്ഞോ? സ്വാർത്ഥത നിറയുമ്പോഴാണ് പലപ്പോഴും മനുഷ്യർക്ക് ദൈവാവബോധം നഷ്ടമാകുന്നതും. ദൈവസാന്നിദ്ധ്യം നിറഞ്ഞ് ശുശ്രൂഷയുടെ മനോഭാവത്തിലേക്ക് കടന്നുവരുവാൻ ഈ ചിന്ത നമ്മെ സഹായിക്കും.

മറിയത്തിന്റെയും എലിസബത്തിന്റെയും സംഗമത്തിൽ അവർ സംസാരിക്കുന്നത് മുഴുവൻ ദൈവം നൽകിയ ദാനങ്ങളെക്കുറിച്ചും ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചും മാത്രമാണ്. ഈ പങ്കുവയ്ക്കലിനടിസ്ഥാനം ദൈവാശ്രയബോധമാണ്. തങ്ങൾ ഒന്നും അല്ലെന്നും സകലതും ദൈവത്തിൽനിന്നു വരുന്നു എന്നുമുള്ള ചിന്തയാണ് ദൈവാശ്രയബോധത്തിനടിസ്ഥാനം. അപ്രകാരം ബോധമുള്ള രണ്ടുപേർ ഒരുമിച്ചുകൂടുമ്പോൾ അവർ പരിശുദ്ധാത്മാവിനാൽ നിറയുന്നു. അവിടെ വൻപു പറച്ചിലുകളല്ല ദൈവദാനങ്ങളെക്കുറിച്ചുള്ള സ്തുതിപ്പുകൾ ഉയരുന്നു. സാധാരണ ഗതിയിൽ മറിയത്തിന് അഭിമാനിക്കുവാനും അഹങ്കരിക്കുവാനും കഴിയുന്നതരം ഒരു സ്ഥാനലബ്ധിയാണ് ഉണ്ടായത്. പക്ഷേ അവൾ എളിമയും വിനയവും ജീവിതത്തിൽ എന്നും കാത്തുസൂക്ഷിച്ചവളായിരുന്നു.

ദൈവം ഒരാളെ തിരഞ്ഞെടുക്കുമ്പോൾ ആ വ്യക്തിക്ക് സന്തോഷത്തിന്റെ അനുഭവം ഉണ്ടാകും. പക്ഷേ ശോധനയിൽകൂടി മുന്നോട്ടു നീങ്ങേണ്ടുന്ന ജീവിതമായിരിക്കും അത്. മറിയത്തിന്റെ ജീവിതത്തിൽ ഒരുപാട് സഹനാനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. രക്ഷകനെ വഹിച്ചുകൊണ്ട് നടന്ന

നാൾ മുതൽ കുരിശിൻചുവടുവരെ ഇതു തുടരുകയാണ്. സഹനാനുഭവങ്ങളെ മംഗളവാർത്തയുടെ അതേ തീവ്രതയോടുകൂടിയാണ് അവൾ കണ്ടത്. ആയതിനാൽ സഹനത്തിന്റെ ഓരോ നിമിഷത്തിലും അവൾക്ക് തന്നെ പൂർണമായും സമർപ്പിക്കുവാൻ കഴിഞ്ഞു. ഈ സമർപ്പണമാകട്ടെ ക്രിസ്തു ഗത്സമേൻ തോട്ടത്തിൽ പിതാവിന്റെ ഇഷ്ടത്തിനു സമർപ്പിക്കുന്നതുപോലെയുള്ള ഒന്നാണ്. സഹനത്തിനു സമർപ്പിച്ച ഒരാൾ, അബ്രഹാം മകനെ ബലികൊടുത്തപോലെയും ജോബ് സകലതും സമർപ്പിച്ചതുപോലെയുമുള്ള മനോഭാവത്തിലേക്കാണ് വളരേണ്ടത്. മാതാവിന്റെ ജീവിതം അതാണ് പഠിപ്പിക്കുന്നതും.

എലിസബത്ത് മറിയത്തെക്കുറിച്ച് പറയുന്ന ഒരുകാര്യം വളരെ പ്രധാനപ്പെട്ടതാണ്, "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി." ആരാണ് ഭാഗ്യവാൻ അല്ലെങ്കിൽ ഭാഗ്യവതിയെന്ന് കർത്താവുതന്നെ പറയുന്നു; ദൈവവചനമനുസരിച്ച് ജീവിക്കുന്നവർ. മറിയത്തിന്റെ വിശ്വാസം കലർപ്പില്ലാത്തതായിരുന്നു. വചനംകൊണ്ട് നിറയുകയും അത് വിശ്വസിക്കുകയും അത് അവൾ ജീവിക്കുകയും ചെയ്തു. പ്രവർത്തിയോടികൂടിയ വിശ്വാസമാണ് മറിയത്തിന്റേത്. കടുകുമണിയോളമെങ്കിലും വിശ്വാസമുണ്ടെങ്കിൽ അത് വൻവൃക്ഷമായി വളരും അഥവാ, പുളിമാവുപോലെ ദൈവവിശ്വാസം അത് ക്രമേണ മറ്റുള്ളരിലേക്ക് പടരുകയും ചെയ്യും. വിശ്വാസത്തിലുള്ള ഉറപ്പാണ് ക്രൈസ്തവ ജീവിതത്തിനാധാരം. വചനം സത്യമാണെന്നും അത് ജീവിക്കേണ്ടതാണെന്നും മറിയത്തിനറിയാമായിരുന്നു.

വചനനിറവും ആത്മനിറവും മറിയത്തെ ദൈവസ്നേഹത്തിന്റെ നിറവിലേക്ക് നയിച്ചു. മറിയത്തിന്റെ പ്രവർത്തനങ്ങളിൽ നിഴലിച്ചുനില്ക്കുന്നതും സ്തോത്രഗീതത്തിൽ മുഴങ്ങികേൾക്കുന്നതും ഇതിന്റെ പ്രകടനങ്ങളാണ്. ലൂക്കോ 1:47 ൽ മറിയം ആലപിച്ചു, "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിലാനന്ദിക്കുന്നു." ദൈവവഴികൾ തിരിച്ചറിഞ്ഞ ഒരാൾ ആലപിക്കുന്ന സ്തോത്രഗീതമാണിത്. ആദ്യഭാഗം മറിയം ദൈവത്തെ പ്രകീർത്തിക്കുകയും ദൈവം തന്റെ ജീവിതത്തിൽ ചൊരിഞ്ഞ നന്മകൾക്ക് നന്ദി പറയുകയും ചെയ്യുന്നു. രണ്ടാം ഭാഗത്ത് ദൈവത്തിന്റെ സ്വഭാവത്തെയും അവിടുത്തെ ചെയ്തികളെ അനുസ്മരിക്കുകയും ചെയ്യുന്നു.

തന്റെ ഉള്ളിൽ വസിച്ച ദൈവത്തോട് മറിയം നിരന്തരം സംഭാഷണം നടത്തിയിരുന്നു. ഇതായിരുന്നു മറിയത്തിന്റെ പ്രർത്ഥനാജീവിതം. ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് നാം പ്രതികരിക്കണം. ദൈവത്തോട് ചേർന്ന് ജീവിക്കുന്നവർ പ്രാർത്ഥിക്കുന്നവരാണ്. വിശുദ്ധ അമ്മത്രേസ്യാ ഇപ്രകാരം പറയുന്നു, 'ദൈവൈക്യ ജീവിതമാണ് പ്രാർത്ഥന' എന്ന്. ദൈവത്തോടു ചേർന്നു ജീവിക്കുന്നവർ ദൈവസന്നിധിയിൽ സമയം ചെലവിടണം, ദൈവത്തോടു സംസാരിക്കണം, അവിടുന്നു പറയുന്നത് കേൾക്കണം. ദൈവേഷ്ടം മനസ്സിലാക്കി അതനുസരിച്ച് ജീവിക്കണം. അപ്രകാരം നാം ജീവിക്കുന്ന അവസ്ഥയാണ് രക്ഷയുടെ അനുഭവം. നമ്മിൽ വസിക്കുന്ന ദൈവികസാന്നിദ്ധ്യത്തിൽ അനേകർ ആനന്ദിക്കുകയും ദൈവസന്നിധിയിലേക്ക് കടന്നുവരികയും ചെയ്യട്ടെ. വി. അമ്പ്രോസിന്റെ വാക്കുകൾ ഓർക്കുക, "ഓരോ ക്രിസ്ത്യാനിയും കർത്താവിന്റെ മഹത്വം പ്രഘോഷിക്കണം." അതിന് ഓരോ ക്രിസ്ത്യാനിയിലും മറിയത്തിന്റെ ഹൃദയമുണ്ടാകണം. ദൈവത്തിൽ ആനന്ദം കൊള്ളുന്ന അവളുടെ ചൈതന്യം ഓരോരുത്തരിലും ഉണ്ടാകണം.

*********************************************